DESPATCHED
On....20/2/2020.
17.2.20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**File No.19196/SIC-Gen1/2019**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എം.കെ. ശാമുവേൽ,
മനയ്ക്കൽ വീട്,
വെൺമണി പി.ഒ.,
ചെങ്ങന്നൂർ, ആലപ്പുഴ – 689 509. } പരാതി ഹർജിക്കാരൻ

1) ശ്രീ. എം. അഷ്റഫ്,
പാംലാൻഡ് കുഴിവിള,
അത്തിയറ, ആര്യനാട് പി.ഒ.,
തിരുവനന്തപുരം – 695 542.

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
റവന്യു(ജി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

ബഹു. കേരള ഹൈക്കോടതി WP(C) No. 31089/2016 കേസ്സിൽ 5.11.2019–ൽ പുറപ്പെടുവിച്ച വിധിയിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ 20.4.2016 തീയതി പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുകയും പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തു നിന്നും റിട്ട് പെറ്റീഷണർക്ക് ടിയാൻ ആവശ്യപ്പെട്ട വിവരം നൽകുന്നതിൽ മന:പ്പൂർവ്വമായ വീഴ്ചയുണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ച് വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. മേൽ പ്രസ്താവിച്ച റിട്ട് പെറ്റീഷനിൽ ഹർജിക്കാരനായ ശ്രീ.എം.കെ. ശാമുവേൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീ. എം. അഷ്റഫ് വീഴ്ച വരുത്തി എന്നും ആയതിനാൽ ഹർജിക്കാരൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചു എന്നും ആയതു പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരം 15 ദിവസങ്ങൾക്കുള്ളിൽ നൽകാൻ കമ്മീഷൻ 14.09.2011 തീയതി ഉത്തരവായിയെങ്കിലും

ടി ഉത്തരവ് നടപ്പാക്കുന്നതിൽ ശ്രീ. അഷ്റഫ് വീഴ്ച വരുത്തിയതിനാൽ ടിയാൻ വീണ്ടും കമ്മീഷനെ സമീപിച്ചു എന്നും 29.09.2014 തീയതി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകാൻ നിർദ്ദേശിച്ചു എന്നും ആയതിനുശേഷം ഹർജിക്കാരൻ ഹൈക്കോടതിയിൽ WP(C) No. 33880/2015 ആയി കേസ് ഫയൽ ചെയ്ത് ശ്രീ.അഷ്റഫ് എം.നെതിരെ വിവരാവകാശ നിയമത്തിലെ 20-ാം വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ സംസ്ഥാന വിവരാവകാശ കമ്മീഷന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടു എന്നും തുടർന്ന് കോടതി വിധി പ്രകാരം കമ്മീഷൻ 20.04.2016 തീയതി ഉത്തരവ് പുറപ്പെടുവിച്ചു എന്നും ടി ഉത്തരവ് പ്രകാരം ശ്രീ. അഷ്റഫ്നെതിരെ കമ്മീഷൻ നടപടി സ്വീകരിച്ചില്ല എന്നും ആയതിനു കാരണമായി ചൂണ്ടിക്കാട്ടിയത് റിട്ട് പെറ്റീഷണർ ആവശ്യപ്പെട്ടത് ടിയാനുണ്ടായ നഷ്ടം സംബന്ധിച്ച് നഷ്ടപരിഹാരം നൽകണമെന്നായിരുന്നു എന്നുമാണ്.

2. WP(C) No. 31089/2016 -ലെ കോടതി ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം കമ്മീഷൻ റിട്ട് പെറ്റീഷണറായ ശ്രീ. എം.കെ. ശാമുവേലിനും മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീ. എം. അഷ്റഫിനും നിലവിലെ റവന്യു (ജി) വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും ഹിയറിംഗ് നോട്ടീസ് നൽകുകയും ആയതുപ്രകാരം കമ്മീഷൻ ആസ്ഥാനത്തു വച്ച് 14.01.2020 തീയതി ഹിയറിംഗ് നടത്തുകയും ചെയ്തു. ടി ഹിയറിംഗിൽ റിട്ട് പെറ്റീഷണറും ശ്രീ. എം. അഷ്റഫും നിലവിലെ റവന്യു (ജി) വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും പങ്കെടുത്തു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ റിട്ട് പെറ്റീഷണറായ ശ്രീ. എം.കെ. ശാമുവേൽ പ്രസ്താവിച്ചത്, 24.2.2011 തീയതി ടിയാൻ റവന്യു അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ടിയാന്റെ 17.2.2011 മുതൽ 20.2.2011 വരെയുള്ള 4 അപ്പീൽ ഹർജികളിൽ തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നായിരുന്നു എന്നും ടി അപ്പീൽ അപേക്ഷ തീർപ്പാക്കി 28.3.2011 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന റവന്യു (ജി) വകുപ്പുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകൾക്കും എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ലാൻഡ് റവന്യു കമ്മീഷണർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപ്പീലപേക്ഷ അവ്യക്തമാണെന്നും അത്തരം അവ്യക്തമായ അപേക്ഷകൾ സമർപ്പിക്കുന്നത് ഒഴിവാക്കി ഹർജിക്കാരന്റെ ആവശ്യം എന്താണെന്ന് വ്യക്തമാക്കി അപേക്ഷ സമർപ്പിച്ചാൽ മാത്രമേ നടപടി എടുക്കാൻ കഴിയുകയുള്ളു എന്നാണെന്നുമാണ്. ഹർജിക്കാരൻ 15.12.2011 തീയതി സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിൽ പ്രസ്താവിച്ചത്, 14.9.2011-ലെ ഉത്തരവ് പ്രകാരം റവന്യു വകുപ്പിന്റെ 8.11.2011 കത്തിൽ അറിയിച്ചിട്ടുള്ളത് വ്യാജവും കെട്ടിച്ചമച്ചതുമാണെന്നും 9.12.2011 തീയതി ഫയൽ പരിശോധിച്ചപ്പോഴാണ് 14.9.2011-ലെ ഉത്തരവിന് മറുപടി നൽകിയിട്ടില്ലെന്ന് കണ്ടത് എന്നുമാണ്.

4. റവന്യു വകുപ്പ് എസ്.പി.ഐ.ഒ., കമ്മീഷൻ മുമ്പാകെ ടി ഹർജിയിന്മേൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ നിരവധി അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു എന്നും അതിൽ വിവരാവകാശ നിയമപ്രകാരം

നൽകാൻ കഴിയുന്ന വിവരങ്ങൾ നൽകിയിരുന്നു എന്നും എന്നാൽ ചില കേസ്സുകളിൽ മുൻപ് തന്നിട്ടുള്ള തീയതി മാത്രം പ്രതിപാദിച്ചിരുന്നതിനാൽ മറുപടി നൽകാൻ കഴിഞ്ഞിരുന്നില്ല എന്നും കൂടാതെ മിക്ക അപേക്ഷകളും തീർപ്പ് ഫയലുകളും കണ്ടെത്താൻ കഴിഞ്ഞില്ല എന്നും 14.09.2011-ലെ കമ്മീഷൻ തെളിവെടുപ്പിൽ 15 ദിവസങ്ങൾക്കകം ഹർജിക്കാരന് മറുപടി നൽകാൻ നിർദ്ദേശിച്ച പ്രകാരം 28.09.2011-ന് മറുപടി നൽകിയിരുന്നു എന്നും തുടർന്ന് ആവശ്യവും യുക്തവുമായ നടപടി സ്വീകരിക്കുന്നതിനായി ഹർജിക്കാരനെ എസ്.പി.ഐ.ഒ. വിളിപ്പിച്ചിരുന്നു എന്നും ടിയാന്റെ ആവശ്യം നേരിൽ കേട്ട ശേഷം പരാതി പരിഹരിക്കുന്നതിനായി ഒരു പുതിയ അപേക്ഷ നൽകാൻ നിർദ്ദേശിച്ചു എന്നും ആയത് ടിയാൻ സമ്മതിച്ചു എന്നും 21.12.2011 തീയതി ഹർജിക്കാരന് നൽകിയ കത്തിൽ ടിയാന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും അടിയന്തിര റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതു ലഭിച്ചാലുടൻ ടിയാനു മറുപടി നൽകുന്നതാണെന്ന് അറിയിച്ചിരുന്നു എന്നുമാണ്.

5. കമ്മീഷൻ മുമ്പാകെ ശ്രീ. എം.അഷ്റഫ് ബോധിപ്പിച്ചത്, ഹർജിക്കാരന്റെ പരാതി ഹർജി നമ്പർ: 688(3)/2011/എസ്.ഐ.സി.യിന്മേൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചിരുന്നു എന്നും ആയത് സംബന്ധിച്ച് 29364/ജി2/11/റവന്യു കത്തു പ്രകാരം 27.06.2011 തീയതി കമ്മീഷൻ മുമ്പാകെ മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കുന്നു എന്നും പരാതി ഹർജി നമ്പർ: 689(3)/2011/എസ്.ഐ.സി. നമ്പർ ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടി 24.06.2011-ലെ 28459/ജി2/11/റവന്യു കത്ത് പ്രകാരം കമ്മീഷനെ അറിയിച്ചിട്ടുള്ളതാണെന്നും അതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നും പരാതി ഹർജി നമ്പർ: 690(3)/2011/എസ്.ഐ.സി. ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം 27.06.2011-ലെ 29365/ജി2/11/റവന്യു കത്ത് പ്രകാരം കമ്മീഷനെ അറിയിച്ചിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കുന്നു എന്നും പരാതി ഹർജി നമ്പർ: 691(3)/2011/എസ്.ഐ.സി. ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികൾ 27.06.2011-ലെ 29366/ജി2/11/റവന്യു നമ്പർ കത്ത് പ്രകാരം കമ്മീഷനെ അറിയിച്ചിട്ടുള്ളതാണെന്നും അതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്. ഹർജിക്കാരൻ 24.02.2011 തീയതി ഒരു അപ്പീൽ ഹർജി റവന്യു വകുപ്പിൽ സമർപ്പിക്കുകയുണ്ടായി എന്നും അതിനോടൊപ്പം ടിയാൻ 17.02.2011 മുതൽ 20.02.2011 വരെ സമർപ്പിച്ച അപേക്ഷകളും ശ്രീമതി എലിസബത്ത് ശാമുവേലിന്റെ 23.02.2011-ലെ അപേക്ഷയും ഉൾപ്പെടെ 8 അപേക്ഷകൾ ഒന്നിച്ച് ചേർത്തയച്ചിരുന്നു എന്നും ടി അപേക്ഷകളെല്ലാം പരിശോധിച്ച് 28.03.2011-ലെ 13103/ജി2/11/റവ. കത്ത് പ്രകാരം മറുപടി നൽകിയിരുന്നു എന്നും ടി അപ്പീലപേക്ഷയിലെ ഉള്ളടക്കങ്ങളിൽ റവന്യു (സി) വകുപ്പുമായും റവന്യു(ജി) വകുപ്പുമായും ബന്ധപ്പെട്ട വിവരങ്ങളാണ് തേടിയിരുന്നത് എന്നും റവന്യു(ജി) വകുപ്പുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളിലും വിവരം നൽകിയിരുന്നതാണെന്നും ഹർജിക്കാരന്റെ നിവേദനങ്ങളിൽ പരാമർശിച്ച വിഷയങ്ങളൊന്നും തന്നെ സർക്കാർ തലത്തിൽ പരിശോധിക്കാൻ കഴിയുന്നതായിരുന്നില്ലെന്നും ടി വിവരം കാണിച്ച് ഹർജിക്കാരന് മറുപടി നൽകിയിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷ ലാൻഡ് റവന്യു കമ്മീഷണർക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി അയച്ചു നൽകിയിരുന്നു എന്നും ഹർജിക്കാരന്റെ മിക്കവാറും അപേക്ഷകളും അപ്പീൽ അപേക്ഷകളും

അവ്യക്തവും മറുപടി നൽകുന്നതിന് കഴിയാത്ത തരത്തിലുള്ളതുമായിരുന്നു എന്നും അവ വായിച്ചു മനസ്സിലാക്കാൻ പലപ്പോഴും കഴിയാറുണ്ടായിരുന്നില്ല എന്നും 2010 മുതൽ ഏപ്രിൽ 2016 വരെ 350 –ലധികം പരാതികൾ/അപേക്ഷകൾ ഹർജിക്കാരൻ റവന്യൂ(ജി) വകുപ്പിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ മിക്ക അപേക്ഷകളിലും ടിയാന്റെ യഥാർത്ഥ ആവശ്യം എന്താണെന്നു വ്യക്തമാക്കാറില്ലായിരുന്നു എന്നും ടിയാന്റെ പരാതിയിന്മേൽ കൃത്യമായ മറുപടി കിട്ടുന്നില്ല എന്നതായിരുന്നു ടിയാന്റെ കത്തുകൾ വരാനുള്ള കാരണമെന്നും ആയതിനാൽ ടിയാനെ 12–11–2011–ൽ നേരിൽ കേട്ടു എന്നും ആയതിൽ നിന്നും ബോധ്യമായത് ടിയാന്റെ വസ്തുവിന്റെ സമീപത്തുള്ളവർ മണ്ണ് ഖനനം നടത്തിയത് സംബന്ധിച്ച് പരാതി നൽകിയിട്ടും നടപടിയൊന്നും എടുത്തില്ല എന്നതായിരുന്നു ടിയാന്റെ ആക്ഷേപമെന്നായിരുന്നു എന്നും ടി വിഷയത്തിൽ ഒരു അപേക്ഷ നൽകിയാൽ ഉചിതമായ നടപടി സ്വീകരിച്ച് ശാശ്വത പരിഹാരം കണ്ടെത്താമെന്ന് അറിയിച്ചെങ്കിലും ടിയാൻ അതിനു കൂട്ടാക്കാതെ വീണ്ടും പരാതികൾ അയച്ചു കൊണ്ടിരിക്കുകയാണെന്നും 6.10.2011, 7.10.2011, 8.10.2011, 9.10.2011, 11.10.2011, 15.10.2011 എന്നിങ്ങനെ തുടർച്ചയായി പരാതികൾ അയച്ചു കൊണ്ടിരിക്കുകയാണെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ ആവശ്യം സംബന്ധിച്ച് 6.07.2008–ൽ ചെങ്ങന്നൂർ തഹസിൽദാർ നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയത്, ഹർജിക്കാരന്റെ വസ്തുവിന്റെ തൊട്ടടുത്തുള്ള ഉടമകൾ അവരുടെ വസ്തുവിൽ നിന്നും അനധികൃതമായി മണ്ണ് ഖനനം ചെയ്യുന്നതിനാൽ ടിയാന്റെ വസ്തുവിന് ഇടിച്ചിൽ സംഭവിക്കുന്നതായും ആകയാൽ സംരക്ഷണഭിത്തി കെട്ടണമെന്നതായിരുന്നു ടിയാന്റെ ആവശ്യമെന്നും എന്നാൽ അന്വേഷണം നടത്തിയതിൽ ഹർജിക്കാരന്റെ വസ്തുവിൽ നിന്നും 5 അടി മാറിയാണ് മണ്ണെടുത്തിട്ടുള്ളതെന്നും ടിയാന്റെ വസ്തുവിന് ഇടിച്ചിൽ സംഭവിച്ചിരുന്നില്ലെന്നും ആയതിനാൽ സംരക്ഷണ ഭിത്തി കെട്ടണമെന്ന ഹർജിക്കാരന്റെ ആവശ്യം പരിഗണനാർഹമല്ല എന്നുമായിരുന്നു എന്നും ടി വിഷയത്തിലാണ് ഹർജിക്കാരൻ വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തി നിരന്തരമായി അപേക്ഷകൾ സമർപ്പിച്ചു കൊണ്ടിരിക്കുന്നതെന്നും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ വളരെ മോശമായ ഭാഷയിൽ പരാമർശിച്ചു കൊണ്ടാണ് പല കത്തുകളും അയക്കുന്നതെന്നും അത്തരത്തിലുള്ള ചില കത്തുകൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നും ടി വിഷയങ്ങൾ ചൂണ്ടിക്കാട്ടി ശാശ്വതമായ പരിഹാരമുണ്ടാക്കി നൽകണമെന്നാവശ്യപ്പെട്ട് റവന്യൂ (ജി) വകുപ്പിൽ നിന്നും 19.3.2012 തീയതി കമ്മീഷൻ മുമ്പാകെ കത്തയച്ചിട്ടുള്ളതാണെന്നും ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ജോലി ഭാരം കൂട്ടി മനോവീര്യം കെടുത്തുന്ന തലത്തിലുള്ള ഹർജിക്കാരന്റെ പരാതികളിന്മേൽ അർഹമായ പരിഹാരം കണ്ടെത്തി തരണമെന്നും ഹർജിക്കാരന്റെ അപേക്ഷകളിലും മറ്റും മന:പൂർവ്വമായി യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും മറ്റുമാണ്.

6. ഹർജിക്കാരനായ ശ്രീ. എം.കെ. ശാമുവേലും പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീ. എം.അഷ്റഫും കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വസ്തുതകളും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ സസൂക്ഷ്മം പരിശോധിച്ചു. ആയതിൽ നിന്നും കമ്മീഷൻ സി.പി.നമ്പർ: 688(3)/2011/എസ്.ഐ.സി., 689(3)/2011/എസ്.ഐ.സി., 690(3)/2011/എസ്.ഐ.സി., 691(3)/2011/എസ്.ഐ.സി. എന്നിവയിൽ പുറപ്പെടുവിച്ച ഉത്തരവുകൾ എസ്.പി.ഐ.ഒ.

നടപ്പിലാക്കേണ്ടതാണെന്നും ആയതു സംബന്ധിച്ച് കമ്മീഷൻ മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്നുമാണ് കമ്മീഷൻ 29.9.2014-ലെ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതെന്ന് കാണുന്നു. ആയതുപ്രകാരം 8.12.2014 തീയതി പരാമർശിത കാലയളവവിലെ എസ്.പി.ഐ.ഒ. ഹർജിക്കാരന് മറുപടി നൽകിയതായി കാണുന്നു. ആയത് പ്രകാരം അറിയിച്ചത്, സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 29.9.2014-ലെ ഉത്തരവ് 02.12.2014 തീയതിയാണ് ലഭിച്ചതെന്നും ആയതുപ്രകാരം മറുപടി നൽകുന്നു എന്നും കമ്മീഷന് സത്യവാങ്മൂലം തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പ് ഹർജിക്കാരന് നൽകുന്നുതാണെന്നുമാണ്.

7. കമ്മീഷൻ മുമ്പാകെ നിലവിലെ റവന്യൂ (ജി) വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 14.2.2020 തീയതി സമർപ്പിച്ച സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ ശ്രീ. എം.കെ.ശാമുവേൽ വിവരാവകാശ നിയമപ്രകാരം 27.12.2010, 28.12.2010, 21.2.2011, 22.02.2011 എന്നീ തീയതികളിലായി അപേക്ഷകൾ സമർപ്പിച്ചിരുന്നു എന്നും ടി അപേക്ഷകൾ ടി ഓഫീസിലെ 13103/ജി2/2011/റവന്യൂ നമ്പറായി കൈകാര്യം ചെയ്തിരുന്നു എന്നും 28.3.2011-ൽ ടി അപേക്ഷകളിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും അക്കാര്യം ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷകൾ അവ്യക്തവും വായിച്ചു മനസ്സിലാക്കാൻ സാധിക്കാത്തതുമായിരുന്നതിനാൽ ടിയാന്റെ ആവശ്യം എന്താണെന്നു വ്യക്തമാക്കി അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു എന്നുമാണ്. ടി അപേക്ഷകളുമായി ബന്ധപ്പെട്ട് സി.പി. 688(3)/11/എസ്ഐ.സി, സി.പി.689(3)/11/എസ്.ഐ.സി., സി.പി. 690(3)/11/എസ്.ഐ.സി., സി.പി. 691(3)/11/എസ്.ഐ.സി. എന്നീ പരാതി ഹർജികളിന്മേൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ പുറപ്പെടുവിച്ച 14.09.2011-ലെ 4 ഉത്തരവുകൾ റവന്യൂ(ജി) സെക്ഷൻ എസ്.പി.ഐ.ഒ. നടപ്പാക്കിയിട്ടില്ലെന്നു കാട്ടി ഹർജിക്കാരൻ സമർപ്പിച്ച അപ്പീലപേക്ഷയിന്മേൽ കമ്മീഷൻ 29.9.2014 തീയതി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം ഒരു സത്യവാങ്മൂലം സമർപ്പിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു എന്നും അത്തരത്തിൽ ഒരു സത്യവാങ്മൂലം സമർപ്പിച്ചതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ലെന്നും ബോധിപ്പിച്ചു. എന്നാൽ കമ്മീഷന്റെ 14.09.2011-ലെ സി.പി.688(3)/11/എസ്.ഐ.സി. ഉത്തരവ് പ്രകാരം ടി വകുപ്പിലെ 29364/ജി2/11/റവന്യൂ നമ്പർ കത്ത് പ്രകാരം വിവരാവകാശ കമ്മീഷൻ സെക്രട്ടറിയ്ക്ക് മറുപടി നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നു എന്നും സി.പി. 689(3)/11/എസ്.ഐ.സിയിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ടി വകുപ്പിലെ 28459/ജി2/11/റവന്യൂ കത്തനുസരിച്ച് കമ്മീഷന് മറുപടി നൽകിയിരുന്നു എന്നും സി.പി. 690(3)/11/എസ്.ഐ.സിയിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 27.6.2011-ലെ 29365/ജി2/11/റവന്യൂ നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിരുന്നു എന്നും സി.പി. 691(3)/11/എസ്.ഐ.സിലെ കമ്മീഷൻ ഉത്തരവ് പ്രകാരം 27.6.2011-ലെ 29366/ജി2/11/റവന്യൂ കത്ത് പ്രകാരം കമ്മീഷന് മറുപടി അയച്ചു നൽകിയിരുന്നു എന്നും അറിയിച്ചു. ഹർജിക്കാരന് പരാതി പരിഹാരം എന്നതിലുപരി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബുദ്ധിമുട്ടിക്കുക എന്ന ഉദ്ദേശമാണ് ഉണ്ടായിരുന്നതെന്ന് ബന്ധപ്പെട്ട അപേക്ഷകളുടെ തീയതികൾ പരിശോധിച്ചാൽ മനസ്സിലാകുമെന്നും ഉദാഹരണമായി ടിയാൻ 26.12.2010, 27.12.2010, 28.12.2010, 29.12.2010, 30.12.2010, 1.1.2011, 2.1.2011, 3.1.2011, 4.1.2011, 5.1.2011, 6.1.2011, 7.2.2011, 18.2.2011, 19.2.2011, 20.2.2011, 21.2.2011,

22.2.2011, 23.2.2011, 24.2.2011 എന്നീ തീയതികളിലെല്ലാം വിവരാവകാശ നിയമപ്രകാരം അപേക്ഷകൾ നൽകിയിരുന്നു എന്നും സമർപ്പിക്കപ്പെട്ട അപേക്ഷ ലക്ഷ്യസ്ഥാനത്തേക്കു പുറപ്പെടുമ്പോൾ തന്നെ അപ്പീൽ അപേക്ഷ കൂടി സമർപ്പിക്കുകയും ചെയ്യുമായിരുന്നു എന്നും ഒരേ അപേക്ഷ തന്നെ വിവിധ ഓഫീസുകളിലും സമർപ്പിക്കുക എന്നത് ടിയാന്റെ രീതിയാണെന്നും ടിയാന്റെ യഥാർത്ഥ പരാതി അയൽ വസ്തു ഉടമകൾ അവരുടെ വസ്തുവിൽ നിന്നും മണ്ണിടിക്കുന്നതു മൂലം ടിയാന്റെ വസ്തുവിന് ഇടിച്ചിൽ സംഭവിക്കും എന്നും അതിനാൽ സംരക്ഷണ ഭിത്തി കെട്ടി നൽകണമെന്നും ആയിരുന്നു എന്നും എന്നാൽ അന്വേഷണത്തിൽ ടിയാന്റെ വസ്തുവിൽ നിന്നും 5 അടി മാറിയാണ് സമീപ വസ്തു ഉടമകൾ മണ്ണെടുത്തിട്ടുള്ളതെന്നും ചെങ്കല്ലു നിറഞ്ഞ കട്ടിയുള്ള ഭൂമിയാകയാൽ ടിയാന്റെ വസ്തുവിൽ യാതൊരുവിധ ഇടിച്ചിലും സംഭവിച്ചിട്ടില്ലെന്നു ബോധ്യമായി എന്നും ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ലെന്നു ബോധ്യമായി ആയതു തള്ളിയിരുന്നു എന്നും എന്നാൽ അനധികൃതമായി മണ്ണ് നീക്കം ചെയ്തതിന് ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിച്ചിരുന്നു എന്നും ടി സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹർജിക്കാരന്റെ അപേക്ഷയിൻമേലും അപ്പീലപേക്ഷയിൻമേലും യഥാസമയം നടപടി സ്വീകരിച്ചിരുന്നു എന്നും ടിയാനു മറുപടി നൽകിയിരുന്നു എന്നും മന:പ്പൂർവ്വമായ യാതൊരു വീഴ്ചകളും വരുത്തിയിരുന്നില്ലെന്നും പ്രസ്താവിച്ചു. എന്നാൽ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം സത്യവാങ്മൂലം സമർപ്പിക്കാത്തത് സംബന്ധിച്ച വീഴ്ച മാപ്പാക്കണമെന്നും ടി സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.

8. 29.09.2014 തീയതി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചത്, 15 ദിവസങ്ങൾക്കുള്ളിൽ ടി ഉത്തരവ് നടപ്പാക്കണമെന്നും റവന്യൂ (ജി) വകുപ്പ് എസ്.പി.ഐ.ഒ. ഒരു സത്യവാങ്മൂലം സമർപ്പിക്കണമെന്നുമാണ്. കമ്മീഷൻ ഉത്തരവ് പ്രകാരം മറുപടി നൽകിയിരുന്നു എന്ന് 8.12.2014 തീയതി ടി വകുപ്പ് എസ്.പി.ഐ.ഒ., ഹർജിക്കാരന് നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ കമ്മീഷൻ നിർദ്ദേശിച്ച സത്യവാങ്മൂലം സമർപ്പിച്ചിരുന്നില്ല എന്നും ആയതിനാൽ അതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകിയിരുന്നില്ലെന്നും കാണുന്നു. ഹർജിക്കാരൻ ഒരേ വിഷയത്തിൽ തന്നെ നിരവധി വിവരാവകാശ അപേക്ഷകൾ ഒന്നിനുപിറകെ ഒന്നായി നൽകിയിരുന്നതിനാൽ എതിർകക്ഷി ഓഫീസിൽ കാര്യമാത്ര പ്രസക്തമായ ആശയക്കുഴപ്പവും ടി ഓഫീസിന്റെ സാധാരണയായുള്ള പ്രവർത്തനത്തിൽ വളരെയധികം ബുദ്ധിമുട്ടുകളും സൃഷ്ടിച്ചതായി കാണുന്നു. ശ്രീ. എം. അഷ്റഫ്, കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ ഹർജിക്കാരന്റെ 7.1.2012, 11.1.2012, 12.1.2012 എന്നീ തീയതികളിലെ അഡീഷണൽ ചീഫ് സെക്രട്ടറി റവന്യു-ന് അയച്ച കത്തുകളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ വളരെയധികം മോശമാണെന്നു കാണുന്നു. ടി കത്തുകളിൽ ഉപയോഗിച്ചിരിക്കുന്ന അസഭ്യവാക്കുകൾ വായനായോഗ്യം പോലുമല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അമ്മയെ കുറിച്ചും മറ്റും ഹർജിക്കാരൻ നടത്തിയിട്ടുള്ള പദപ്രയോഗങ്ങൾ ആത്മാഭിമാനമുള്ള ഒരു വ്യക്തിയും സഹിക്കുന്ന ഒന്നല്ല. രാജ്യത്തിനു വേണ്ടി സേവനം ചെയ്തു എന്നവകാശപ്പെടുന്ന ഒരു വിമുക്തഭടനെന്നല്ല, സംസ്ക്കാരമുള്ള ഒരു വ്യക്തിയും ഒരിക്കലും ഉപയോഗിക്കാൻ പാടില്ലാത്ത തെറി അഭിഷേകമാണ് ടി കത്തുകൾ നിറയെ കാണാൻ സാധിക്കുന്നത്. അത്തരം കത്തുകൾ വായിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോട് ഹർജിക്കാരന്

RIGHT TO INFORMATION

മറുപടി നൽകണം എന്നു കമ്മീഷൻ നിർദ്ദേശിച്ചാൽ ആയതു കമ്മീഷന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന ഗുരുതരമായ വീഴ്ച തന്നെയാകും. കാരണം ഒരു സർക്കാർ ഫയലിൽ സൂക്ഷിക്കാൻ പോലും പാടില്ലാത്ത അത്രയും അസഭ്യവാക്കുകളും പദപ്രയോഗങ്ങളും അടങ്ങിയ കത്തുകളാണവ.

9. ബഹു. കേരള ഹൈക്കോടതി WA No. 189/2010 നമ്പർ കേസ്സിൽ 2.3.2016-ൽ പുറപ്പെടുവിച്ച വിധിയിൽ വ്യക്തമാക്കിയത്, "RTI Act cannot be used as a weapon to have any personal grudge against any officer...... Even after receiving the information, though delayed, the petitioner wanted penalty to be imposed on the officer...... Though the State Information Commission rejected her request for imposing penalty on the officers, she continued her fight for the same. Such an attitude is not expected from a genuine person who requests for information from a public authority. Therefore, there is reason to believe that the petitioner has involved in frivolous and vexations litigation and has become liable to pay cost" എന്നാണ്. സംസ്ഥാന വിവരാവകാശ കമ്മീഷൻ 29.9.2014 തീയതി പുറപ്പെടുവിച്ച ഉത്തരവിനുശേഷം ഹർജിക്കാരന് അന്നത്തെ റവന്യൂ(ജി) വകുപ്പ് എസ്.പിഐ.ഒ. 8.12.2014 തീയതി മറുപടി നൽകിയിരുന്നതായി കാണുന്നു. ഹർജിക്കാരൻ 2010-ൽ സമർപ്പിച്ച അപേക്ഷകളിൽ ഉൾക്കൊണ്ടിരുന്ന വിഷയത്തിൽ പരിഹാരം ഉണ്ടാക്കണമെന്ന സദുദ്ദേശത്തിലാണ് ഹർജിക്കാരനെ 12.10.2011-ന് നേരിട്ടുള്ള ഹിയറിംഗിന് അന്നത്തെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. എം. അഷ്റഫ് ക്ഷണിച്ചതും അനന്തരനടപടികൾ സ്വീകരിച്ചതും. ടി വിഷയത്തിൽ വ്യക്തമായ അന്വേഷണം നടത്തി പരാതി വിഷയത്തിൽ കഴമ്പില്ല എന്ന വിവരം ഹർജിക്കാരനെ അറിയിച്ചിരുന്നതായും കാണുന്നു. എന്നാൽ ഹർജിക്കാരൻ തുടർന്നും ടി വിഷയത്തിൽ തന്നെ പരാതികളും അപേക്ഷകളും ആക്ഷേപങ്ങളും വീണ്ടും ബന്ധപ്പെട്ട വിവിധ അധികാര സ്ഥാനങ്ങൾ മുമ്പാകെ നൽകുന്ന നടപടി തുടരുകയാണ് ചെയ്തത്. ബഹു. സുപ്രീം കോടതി Central Board of Secondary Education and Another *V.* Aditya Bandopadhyay and others എന്ന കേസ്സിൽ വളരെ ശക്തമായ ഭാഷയിൽ വ്യക്തമാക്കിയത്, "when trying to ensure that Right to Information does not conflict with several other public interests (which includes efficient operations of the Governments, preservation of confidentiality of sensitive information, optimum use of limited fiscal resources, etc.), it is difficult to visualise and enumerate all types of information which require to be exempted from disclosure in public interest. The legislature has however made an attempt to do so.............The Courts and Information Commission enforcing the provisions of the RTI Act have to adopt a purposive construction, involving a reasonable and balanced approach which harmonises the two objects of the Act, while interpreting section 8 and other provisions of the Act" എന്നാണ്. അപ്രകാരം തന്നെ ടി വിധിയിൽ ചൂണ്ടിക്കാട്ടിയത്, "indiscriminate and impractical demands or directions under the RTI Act for disclosure of all and

sundry information (unrelated to transparency and accountability in the functioning of the public authorities and eradication of corruption) would be counterproductive as it will adversely affect the efficiency of administration and result in the executive getting bogged down with non-productive work of collecting and furnishing information. The Act should not be allowed to be misused or abused, to become a tool to obstruct the national development and integration, or to destroy the peace, tranquillity and harmony among its citizens. Nor should it be converted into a tool of oppression or intimidation of honest officials striving to do their duty. The nation does not want a scenario where 75% of the staff of public authorities spends 75% of their time in collecting and furnishing information to applicants instead of discharging their regular duties. The threat of penalties under the RTI Act and the pressure of the authorities under the RTI Act should not lead to employees of public authorities prioritising "information furnishing", at the cost of their normal and regular duties" എന്നാണ്. ഹർജിക്കാരൻ എന്തെങ്കിലും 'വിവരം' തേടുക എന്നതിലുപരി ബന്ധപ്പെട്ട പൊതു അധികാര സ്ഥാനത്തിന്റെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് വിവരാവകാശ അപേക്ഷകൾ അയയ്ക്കുന്നത് എന്ന് ടി അപേക്ഷകളുടെ തീയതികളും ഉള്ളടക്കവും അപഗ്രഥിച്ചാൽ ബോധ്യമാകുന്നതാണ്. മോശം പരാമർശത്തോടെയുള്ള ഹർജിക്കാരന്റെ കത്തുകൾ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുക, അവരുടെആത്മാഭിമാനത്തെ വ്രണപ്പെടുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണെന്നത് വ്യക്തമാണ്. ആയത് യാതൊരു പൊതുതാത്പര്യവുമില്ലാതെ പൊതു അധികാര സ്ഥാനത്തിന്റെ സമയം നഷ്ടപ്പെടുത്തുക, വ്യക്തി വിരോധം തീർക്കുക എന്ന ലക്ഷ്യങ്ങളോടെയാണെന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമാണെന്നതിൽ യാതൊരു സംശയവുമില്ല.

10. ബഹു. ഹൈക്കോടതി WP(C) No. 31089/2016 -ൽ പുറപ്പെടുവിച്ച വിധിയിൽ കമ്മീഷനോട് നിർദ്ദേശിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ അന്നത്തെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. എം.അഷ്റഫിന്റെ ഭാഗത്തു നിന്നും ബോധപൂർവ്വമായ വീഴ്ചയുണ്ടായിട്ടുണ്ടോ എന്നു ഹർജിക്കാരനേയും ശ്രീ. എം. അഷ്റഫിനേയും നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളണമെന്നാണ്. കമ്മീഷൻ ടി കക്ഷികളെ കേട്ടതിലും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും ഹർജിക്കാരന്റെ സി.പി. 688(3)/11/എസ്ഐ.സി, സി.പി.689(3)/11/എസ്.ഐ.സി., സി.പി.690(3)/11/എസ്.ഐ.സി., സി.പി. 691(3)/11/എസ്.ഐ.സി. എന്നീ പരാതി ഹർജികളുമായി ബന്ധപ്പെട്ട അപേക്ഷകളിൻമേൽ റവന്യൂ(ജി) വകുപ്പിൽ ലഭ്യമായിരുന്ന വിവരങ്ങൾ നൽകിയിരുന്നതായി കാണുന്നു. സി.പി.688(3)/2011 ഹർജിക്കാരന്റെ 27.12.2010-ലെ അപേക്ഷ സംബന്ധിച്ചായിരുന്നു. ടി അപേക്ഷ റവന്യൂ(സി) വകുപ്പ് എസ്.പി.ഐ.ഒ.യേയും സംസ്ഥാന വിവരാവകാശ കമ്മീഷനേയും അഡ്രസ്സ് ചെയ്തയച്ച ഒരപേക്ഷയായിരുന്നു. ടി അപേക്ഷയിൽ ടിയാൻ 14.12.2010-ലെ 48691/സി2/10/ആർ.ഡി. കത്ത് സൂചനയായി കാണിച്ചുള്ള വിവരങ്ങളാണ്

RIGHT TO INFORMATION

ആവശ്യപ്പെട്ടത്. ടി അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളിൽ വളരെയധികം അവ്യക്തതയുണ്ടെന്നു കാണുന്നു. ടി അപേക്ഷ സംബന്ധിച്ച് ശ്രീ. എം. അഷ്റഫ് കമ്മീഷൻ മുമ്പാകെ 27.6.2011–ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 27.12.2010–ലെ അപേക്ഷ 24.2.2011–ലെ അപ്പീൽ അപേക്ഷയോടൊപ്പം (8 ഉള്ളടക്കങ്ങൾ) സമർപ്പിച്ചതിനാൽ ആയവ എല്ലാം ഒന്നിച്ച് പരിശോധിച്ച് 28.3.2011–ലെ 13103/ജി2/11/റവ. കത്ത് പ്രകാരം അപേക്ഷകന് മറുപടി നൽകിയിട്ടുണ്ടെന്നാണ്. സി.പി. 689(3)/2011 ഹർജി, ഹർജിക്കാരന്റെ 28.12.2010 തീയതിയിലെ അപേക്ഷയുമായി ബന്ധപ്പെട്ടതായിരുന്നു എന്നു കാണുന്നു. ടി അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് ടിയാന്റെ 18.8.2010–ലെ അപേക്ഷയിലെ ഖണ്ഡിക i മുതൽ vii വരെയുള്ളതിന്റെ തീരുമാനങ്ങളും വിവരങ്ങളും നൽകണമെന്നായിരുന്നു. ടി അപേക്ഷയ്ക്കും മേൽപ്പറഞ്ഞ കത്ത് പ്രകാരം മറുപടി നൽകിയതായി എസ്.പി.ഐ.ഒ. 24.6.2011–ന് റിപ്പോർട്ട് സമർപ്പിച്ചു. സി.പി. 690(3)/2011 ഹർജിക്കാരന്റെ 21.02.2011–ലെ അപേക്ഷയുമായി ബന്ധപ്പെട്ടതായിരുന്നു എന്നു കാണുന്നു. ടി അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാന്റെ 3.1.2011–ലെ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ/തീരുമാനങ്ങൾ ലഭ്യമാക്കണമെന്നാണ്. ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് അവ്യക്തതയുണ്ടെന്നു കാണുന്നു. എന്നാൽ ഹർജിക്കാരൻ 8 അപേക്ഷകൾ ഒന്നിച്ച് അപ്പീലധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ച പ്രകാരം 28.3.2011 തീയതി വിവരം നൽകിയതായി കാണുന്നു. സി.പി. 691(3)/2011 ഹർജിക്കാരന്റെ 22.02.2011–ലെ അപേക്ഷ സംബന്ധിച്ചായിരുന്നു എന്നു കാണുന്നു. ടി അപേക്ഷ റവന്യു വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയേയും സംസ്ഥാന വിവരാവകാശ കമ്മീഷനേയും അഡ്രസ്സ് ചെയ്താണ് അയച്ചത്. ടി അപേക്ഷയിൽ ഹർജിക്കാരൻ കേരള മുഖ്യമന്ത്രിയുടെയും റവന്യു മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും കത്തുകൾ സൂചനയായി കാണിച്ച് ടി കത്തുകളിൻമേലുള്ള വിവരങ്ങളാണ് തേടിയത്. ടി അപേക്ഷയുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ നിരവധി അപേക്ഷകൾ സംബന്ധിച്ച് നൽകിയ അപ്പീൽ തീർപ്പാക്കി 28.3.2011 തീയതി പ്രകാരം മറുപടി നൽകിയിരുന്നതായി കാണുന്നു. ടി അപേക്ഷകളിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എന്താണെന്നു വ്യക്തമായി തിട്ടപ്പെടുത്താൻ വളരെയധികം ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും ടി അപേക്ഷകളിന്മേൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ നൽകിയിരുന്നതായി കാണുന്നു. ആയതിൽ നിന്നും ശ്രീ. എം. അഷ്റഫിന്റെ ഭാഗത്തു നിന്നും വിവരാവകാശ നിയമപ്രകാരം എന്തെങ്കിലും അപാകതയുണ്ടായതായി കമ്മീഷനു ബോധ്യമാകുന്നില്ല. 20.9.2014 തീയതി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ച അവസരത്തിൽ ശ്രീ. എം. അഷ്റഫ് ആയിരുന്നില്ല റവന്യു(ജി) വകുപ്പ് എസ്.പി.ഐ.ഒ. ആയതിനാൽ ടി ഉത്തരവ് പ്രകാരം നടപടി എടുക്കുന്നതിൽ ശ്രീ. എം. അഷ്റഫിന്റെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്നും കാണുന്നു.

11. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീ. എം. അഷ്റഫിന്റെ ഭാഗത്തു നിന്നും ഹർജിക്കാരന്റെ അപേക്ഷകളിന്മേൽ വിവരം/മറുപടി നൽകുന്നതിൽ മനപ്പൂർവ്വമോ ബോധപൂർവ്വമോ ആയ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്നു ബോധ്യമാകുന്നതിനാൽ ടിയാന്റെ വിശദീകരണം അംഗീകരിച്ച്

ടിയാനെതിരെ നടപടികൾ കമ്മീഷൻ ഇന്നേ ദിവസം 2020 ഫെബ്രുവരി 17-ാം തീയതി അവസാനിപ്പിക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION